"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായ വകുപ്പിന് കീഴിൽ കയർ, കശുവണ്ടി മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി അവലോകനവും പ്രവർത്തന നിരീക്ഷണവും പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്) - ന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.117/2022/ID തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:-

1. 25.06.1990 ലെ സ.ഉ.(കൈ)നം.90/1990/വ്യവ. നമ്പർ ഉത്തരവ്.
2. 13.12.1993 ലെ സ.ഉ.(കൈ)നം.172/1993/വ്യവ. നമ്പർ ഉത്തരവ്.
3. റിയാബ് ചെയർമാന്റെ 24.09.2022 ലെ RIAB-ADMN/I-0/2022-23/D-534 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ പരാമർശം (1) ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ സൂക്ഷ്മപരിശോധന നടത്തുന്നതിനായി "ഇന്റേണൽ ആഡിറ്റ് ബോർഡ്" രൂപീകരിച്ചിരുന്നു. തുടർന്ന് പരാമർശം( 2 )ഉത്തരവ് പ്രകാരം സർക്കാർ പ്രസ്തുത ഇന്റേണൽ ഓഡിറ്റ് ബോർഡിനെ "പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)" എന്ന പേരിൽ പുനഃസംഘടിപ്പിച്ചു. വ്യവസായ വകുപ്പിന് കീഴിലെ 43 പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾ, ഉത്പാദന വിപണന പ്രവർത്തനങ്ങൾ, ആഡിറ്റിലുള്ള പുരോഗതി, പരിശീലന പരിപാടികൾ എന്നിവയുടെ അവലോകനം നിലവിൽ റിയാബ് നിർവ്വഹിച്ചു വരുന്നുണ്ട്. സമാന മാതൃകയിൽ പ്രവർത്തിക്കുന്ന കയർ-കശുവണ്ടി മേഖലകളിലെ സ്ഥാപനങ്ങളുടെ അവലോകനം കൂടി റിയാബിന്റെ പരിധിയിൽ കൊണ്ടു വരുന്നത് ഉചിതമായിരിക്കുമെന്ന് റിയാബ് ചെയർമാൻ പരാമർശം (3 )പ്രകാരം അഭിപ്രായപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കയർ-കശുവണ്ടി മേഖലകളിലെ സ്ഥാപനങ്ങളുടെ മേൽനോട്ടം കൂടി റിയാബിന്റെ പരിധിയിൽ കൊണ്ടു വരുന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം, പദ്ധതികളുടെ അവലോകനം മുതലായവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്

CEO
Date: No:
Manager GM

സഹായകരമാകമെന്നതിനാൽ വ്യവസായ വകുപ്പിന് കീഴിൽ കയർ, കശുവണ്ടി മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി അവലോകനവും, പ്രവർത്തന നിരീക്ഷണവും സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്) - ന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം എ റജീന ബീഗം
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി/ ചെയർമാൻ, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്), തിരുവനന്തപുരം
കയർ / കശുവണ്ടി മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്
ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്
വ്യവസായ (ഇ/ കെ) വകുപ്പ്
ഡയറക്ടർ, കെ-ബിപ്, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by AJITHKUMAR A
Date: 09-11-2022 13:14:57
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി I ന്റെ പി.എ യ്ക്ക്
3. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി II ന്റെ പി.എ യ്ക്ക്
4. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്